ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 1952—'53 50,517 രൂപ
1953—'54 49,386 ,,
1954—'55 57,818 ,,

(ബി) ഇതു് കുറഞ്ഞ നിരക്കിൽ ഉപ്പു വിതരണം നടത്തിയ ഇനത്തിൽ മാത്രമുള്ളതാണു്.

(സി) ഈ ഉപ്പുവിതരണപദ്ധതി തിരുവിതാംകൂർ-കൊച്ചി ഒട്ടാകെ ബാധകമാണു്. എന്നാൽ വൈപ്പിൻകരയിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾക്കു് മാത്രമായി എത്ര തുക ചെലവായി എന്നുള്ളതിനു പ്രത്യേകകണക്കുകൾ വച്ചിട്ടില്ല.

(ഡി) മത്സ്യത്തൊഴിലാളി സംഘടനകൾക്കു് വഞ്ചിയും, വലയും വാങ്ങുന്നതിലേയ്ക്കായി കുറഞ്ഞ പലിശയ്ക്കു് പണം കടം കൊടുക്കുവാനും വഞ്ചിയും കട്ടമരവും പണിയുന്നതിനു് സീനിയറേജു് നിരക്കിനു തടി കൊടുക്കുവാനും ഓരോ പദ്ധതികൾക്കും ഗവണ്മെൻറ് നടപ്പിൽ വരുത്തിയിട്ടുണ്ടു്.

പുറമ്പോക്കുകൾ.

* 1012 [42] ശ്രീ. കെ. സി. എബ്രഹാം: താഴെ പറയുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൃഷിഭൂമികളായി ഉപയോഗിക്കാവുന്ന സർക്കാർ പുറമ്പോക്കുസ്ഥലങ്ങൾ എത്രയുണ്ടെന്നു സർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര ഏക്കർ വീതം;

(സി) ഈ ഭൂമികൾ സഹകരണസംഘങ്ങൾക്കു പതിച്ചുകൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) മാലിപ്പുറം കടൽവെപ്പു ഭൂമികൾ കൃഷിക്കു് ഉപയുക്തമാക്കാതെ ഇട്ടിരിക്കുന്നതെന്തുകൊണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കൃഷിഭൂമികളായി ഉപയോഗിക്കാവുന്ന സർക്കാർ പുറമ്പോക്കുസ്ഥലങ്ങൾ എത്രയുണ്ടെന്നു സർവ്വെ നടത്തിയിട്ടില്ല.

(ബി) (എ)-യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) (എ)-യിൽ വിവരിക്കുന്ന പ്രകാരമുള്ള ഭൂമി ഉണ്ടോ എന്നു് തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മാലിപ്പുറത്തു കടൽവെപ്പു ഭൂമികൾ അനധികൃതമായി ധാരാളം ആളുകൾ കൈവശം വച്ചിരിക്കുന്നതുകൊണ്ടു് ഈ സ്ഥലം കൃഷിക്കായി സർക്കാരിൽനിന്നും പാട്ടത്തിനോ മറ്റോ കൊടുക്കുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly